(സി) മഴ വന്നതോടുകൂടി വരൾച്ച നേരിടാനുള്ള ദീർഘകാല പദ്ധതികൾ നിലച്ചിട്ടുണ്ടോ; നിലവിലുള്ള ഏതെല്ലാം ദീർഘകാല പദ്ധതികളാണിപ്പോൾ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ദീർഘകാല പദ്ധതികൾക്ക് ഏതെല്ലാം ഫണ്ടുകളാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വരൾച്ച നേരിടുന്നതിന് സംസ്ഥാനത്ത് പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. തടയണകളുടെ നിർമ്മാണം കുളങ്ങളുടെയും പദ്ധതികളുടെയും അറ്റകുറ്റ പണികൾ, ബോർ വെല്ലുകളുടെയും ട്യൂബ് വെല്ലുകളുടെയും നിർമ്മാണം, ഹാൻഡ് പമ്പുകളുടെ റിപ്പയർ, ജലസ്രോതസ്സുകളുടെ വിപുലീകരണം, കേടുവന്ന പൈപ്പ്ലൈൻ, പമ്പ്, മോട്ടോർ എന്നിവ മാറ്റി സ്ഥാപിക്കൽ എന്നിവയാണ് അവ. കൂടാതെ 'ജലനിധി' എന്ന ദീർഘകാല പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) പരിഗണിക്കും.

(സി) ഇല്ല. നിലവിലുള്ള ദീർഘകാല പദ്ധതികളായ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, മഴവെള്ള സംഭരണം, തടയണ നിർമ്മാണം എന്നിവയാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ വരൾച്ച നേരിടുന്നതിന് സംസ്ഥാനത്താരംഭിച്ച ദീർഘകാല പദ്ധതിയാണ് ജലനിധി.

(ഡി) ലോകബാങ്കിന്റെ സഹായം കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര ധനസഹായമായി ലഭിക്കുന്നു. ഈ ഫണ്ടുപയോഗിച്ചാണ് ജലനിധി പദ്ധതി നടപ്പാക്കുന്നത്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നു. കൂടാതെ വരൾച്ച ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടും ജില്ലാ കളക്ടർമാർ അനുവദിച്ച ഫണ്ടും ദീർഘകാല പദ്ധതികളുടെ നടത്തിപ്പിന് ഉപയോഗിക്കുന്നു.

മണിയാർ ഡാമിലെ മണൽ വാരാൻ അനുമതി

28 [1006] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ മണിയാർ ഡാമിലെ മണൽ വാരുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഇവിടെ നിന്നും മണൽ വാരുന്നതിനുള്ള അവകാശം ടെണ്ടർ ചെയ്തിരുന്നോ;

(സി) കരാർ നടപടികൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ ഏതെല്ലാം ദിനപ്പത്രങ്ങളിലാണ് പ്രസിദ്ധീകരിച്ചതെന്ന് അവയുടെ കോപ്പി സഹിതം വ്യക്തമാക്കാമോ;

(എഫ്) പ്രചാരം കുറഞ്ഞ ലോക്കൽ പത്രങ്ങളിൽ കട്ടേഷൻ ക്ഷണിച്ചത് ഉദ്യോഗസ്ഥർ ബോധപൂർവ്വം ചെയ്തതാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ജി) ഇതുവരെയുള്ള നടപടികൾ റദ്ദാക്കികൊണ്ട് പുതിയ കട്ടേഷൻ ക്ഷണിക്കാനും അത് പ്രമുഖ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എക്കൽ മണ്ണ് നീക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ടെൻഡർ ചെയ്തിരുന്നു.

(സി) ഉണ്ട്.

(ഡി) പത്തനംതിട്ട ജില്ലാ കോൺഗ്രസ് കമ്മിറ്റി, ബി.ജെ.പി. റാന്നി മണ്ഡലം കമ്മിറ്റി, രാജേഷ്കുമാർ, തുണ്ടിൽ വീട്, മുക്കട, റാന്നി എന്നിവരുടെ പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളെപ്പറ്റി ഡിപ്പാർട്ടുമെന്റ് തലത്തിൽ അന്വേഷിച്ചുവരുന്നു.

(ഇ) കേരള സർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയാണ് പരസ്യങ്ങൾ ചെയ്യുന്നത്. അതിൻപ്രകാരം മുൻഗണനാക്രമം അനുസരിച്ച് പബ്ലിക് റിലേഷൻസ് വകുപ്പ് കട്ടേഷൻ സംബന്ധിച്ചുള്ള പരസ്യങ്ങൾ 2004 മേയ് മാസം 6-ാം തീയതിയിലെ "ദീപിക" ദിനപ്പത്രത്തിലും 2004 മേയ് മാസം 7-ാം തീയതിയിലെ "തീപ്പന്തം" ദിനപ്പത്രത്തിലും പരസ്യം ചെയ്തിരുന്നു. (കോപ്പി ഉള്ളടക്കം ചെയ്തിരിക്കുന്നു.)†

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പമ്പാ ജലസേചന പദ്ധതിയുടെ ചെങ്ങന്നൂരിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിൽ നിന്നും 15-4-2004-ലെ എ6/167/2003-ാം നമ്പർ കത്തുപ്രകാരം കട്ടേഷൻ ലേല സംബന്ധമായ പരസ്യം പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രചാരമുള്ള പ്രമുഖ രണ്ട് മലയാള ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ കേരള പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് കൊടുത്തിരുന്നു. മാത്രമല്ല കേരള ഗസറ്റിലും പരസ്യം ചെയ്യുവാൻ കൊടുത്തിരുന്നു. അതിൻപ്രകാരം പബ്ലിക് റിലേഷൻസ് വകുപ്പാണ് പത്രപ്പരസ്യം നൽകിയിട്ടുള്ളത്.

(ജി) കട്ടേഷൻ/പബ്ലിക് ഓക്ഷൻ പ്രകാരം ലഭിച്ച ഏറ്റവും കൂടിയ റേറ്റ് കോട്ട് ചെയ്ത ആളിന്റെ കട്ടേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ പദ്ധതി വിഭാഗം സർക്കിൾ, പിറവം പരിശോധിച്ച് അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലേലക്കാരൻ എഗ്രിമെന്റ് വെച്ച് പണി തുടങ്ങുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ജോലി നടക്കുന്നത് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായ രീതിയിൽ ആയതിനാൽ ഈ ജോലി റദ്ദാക്കാനോ, പുതിയതായി കട്ടേഷൻ ക്ഷണിക്കാനോ കാരണം കാണുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly